**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6365** **10-07-2024 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടത്തിയ തീരസദസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ വച്ച് നടത്തിയ തീരസദസ്സ് പരിപാടിയിൽ എത്ര അപേക്ഷകൾ ലഭിച്ചു; പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ തീരദേശ മണ്ഡലമായ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ സംഘടിപ്പിച്ച തീരസദസ്സ് പരിപാടിയിൽ ആകെ 273 അപേക്ഷകളാണ് ലഭ്യമായത്. ഇതിൽ 61 എണ്ണം ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളുമായി ബന്ധപ്പെട്ടവയാണ്. മേൽ അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കുകയും മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മറ്റു വകുപ്പുമായി ബന്ധപ്പെട്ട് ലഭ്യമായ 212 അപേക്ഷകൾ അതാത് വകുപ്പുകളിലേക്ക് തുടർ നടപടികൾക്കും അപേക്ഷകർക്ക് മറുപടി ലഭ്യമാക്കുന്നതിനുമായി നൽകുകയും മേൽ വിവരം ബന്ധപ്പെട്ട അപേക്ഷകരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നൽകിയ അപേക്ഷകളിന്മേലുള്ള നിലവിലെ സ്ഥിതി ആരായുന്നതിന് ജില്ലയിലെ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും മറുപടി ലഭ്യമാക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കടലുണ്ടിക്കടവിന്റെ പാലത്തിന് സമീപമുള്ള അഴിമുഖത്തോടനുബന്ധിച്ചുള്ള ഫിഷ് ലാന്റിങ്ങ് സെന്ററിന് സമീപം അടിഞ്ഞ് കൂടിയ മണ്ണ്, ചെളി, മറ്റു മാലിന്യങ്ങൾ എന്നിവ മാറ്റുന്നതുമായി ബന്ധപ്പെട്ട് തീരസദസ്സിൽ നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി അറിയിക്കാമോ; | (ബി) | കടലുണ്ടി അഴിമുഖത്ത് മണൽ അടിഞ്ഞ് കൂടി മത്സ്യത്തൊഴിലാളികൾക്ക് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായുള്ള വിഷയം തീരസദസ്സ് ജനപ്രതിനിധിയോഗത്തിൽ ചർച്ച ചെയ്യുകയും ആയതിൽ നടപടി സ്വീകരിക്കാൻ മേജർ ഇറിഗേഷൻ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളതാണ്. കടലുണ്ടിപ്പുഴയുടെ അഴിമുഖത്ത് അടിഞ്ഞ് കൂടിയ മണൽ നീക്കം ചെയ്യുന്നതിനായി പ്രൈസ് 1 എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു വെങ്കിലും അംഗീകാരം ലഭ്യമായിരുന്നില്ല എന്നും പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് PRICE -3 ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കാൻ പരപ്പനങ്ങാടി ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ആയതിന് അനുമതിയും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് |

| | | | |
|---|---|---|---|
| | | | നടത്തുന്നതാണ് എന്ന വിവരം ജലസേചനവകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |
| (സി) | വള്ളിക്കുന്ന് -അരിയല്ലൂർ എന്നീ രണ്ടു വില്ലേജുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും മൽസ്യതൊഴിലാളികൾ ഏറെ ആശ്രയിക്കുന്നതുമായ ടിപ്പുസുൽത്താൻ റോഡിന്റെ ഭാഗമായി മുദിയം തോടിന് കുറുകെ പാലം എന്ന ആവശ്യം തീരസദസ്സിൽ ഉയർന്നു വന്നിരുന്നോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (സി) | മുദിയം തോടിന് കുറുകെ പാലം നിർമ്മിക്കണമെന്ന വിഷയം തീരസദസ്സ് ജനപ്രതിനിധി യോഗത്തിൽ ചർച്ച ചെയ്യുകയും , ടി വിഷയം സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതിന് KRFB-PMU (കേരള റോഡ് ഫണ്ട് ബോർഡ് PMU) പാലക്കാട്- മലപ്പുറത്തിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 15.70 മീറ്റർ വീതിയിലും, 182 മീറ്റർ നീളത്തിലും നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാലത്തിന് കിഫ്ബിയിൽ നിന്ന് 23,92,08,541/- രൂപയുടെ സാമ്പത്തി കാനുമതി ലഭ്യമായിട്ടുള്ളതാണ്. CRZ അനുമതിക്ക് വേണ്ടിയുള്ള നടപടികളും സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള നടപടികളും നടന്ന് വരുന്നുവെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, KRFB-PMU പാലക്കാട് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ